**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4064** **17-03-2025 - ൽ മറുപടിയ്ക്ക്**

**പ്രായപൂർത്തിയാകാത്തവർ പ്രതികളായ ലഹരി കടത്ത് കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ഓരോവർഷവും പ്രായപൂർത്തിയാകാത്തവർ പ്രതികളായ എത്ര ലഹരിക്കടത്ത് കേസുകൾ, ലഹരി ഉപയോഗിച്ച കേസുകൾ എന്നിവ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ഇത്തരം കുറ്റവാളികൾക്ക് ലഭിച്ചിട്ടുള്ള പരമാവധി ശിക്ഷ എന്താണെന്നും എത്ര പേരെ കുറ്റവിമുക്തരാക്കിയിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാരിന്റെ കാലയളവിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള NDPS കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രായപൂർത്തിയാകാത്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>20.5.2021 മുതൽ 31.12.2021 വരെ 13 എണ്ണം,<br>2022-ൽ 40 എണ്ണം,<br>2023-ൽ 39 എണ്ണം,<br>2024-ൽ 55 എണ്ണം,<br>2025-ൽ 36എണ്ണം.<br>ഇതിൽ 86 പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. ഒരാളെ കുറ്റവിമുക്തനാക്കിയിട്ടുണ്ട്. ഇതിൽ ലഭിച്ച പരമാവധി ശിക്ഷ 4000/- രൂപ പിഴയാണ്. ബാക്കിയുള്ള കേസുകൾ ബഹു. കോടതികളുടെ പരിഗണനയിലാണ്. |
| (ബി) | ലഹരിക്കടത്തിന് കുട്ടികളെ ഉൾപ്പെടെ ദുരുപയോഗം ചെയ്യുന്ന ഗുരുതരമായ സാഹചര്യത്തിൽ എന്തൊക്കെ പ്രതിരോധ നടപടികളാണ് എക്സൈസ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | ലഹരി കടത്തിന് കുട്ടികളെ ഉൾപ്പെടെ ദുരുപയോഗം ചെയ്യുന്ന നടപടികൾ തടയുന്നതിനായി എക്സൈസ് വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിക്കുകയും, ഓരോ സ്കൂളുകളുടേയും മേൽനോട്ട ചുമതല ഓരോ എക്സൈസ് ഉദ്യോഗസ്ഥരെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ സ്കൂളുകളിലും പരാതിപ്പെട്ടി സ്ഥാപിച്ചിട്ടുണ്ട്. കുട്ടികൾക്ക് കൗൺസിലിംഗ് ഉൾപ്പെടെ നൽകുന്നതിനായി എക്സൈസ് ജീവനക്കാരിൽ രണ്ടുപേരെ മെന്റർമാരായി നിയോഗിക്കുകയും, സ്കൂളുകളിലും ക്ലബുകളിലും മറ്റ് സ്ഥലങ്ങളിലും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും, കുട്ടികളെ ഉൾപ്പെടുത്തി വിവിധ കലാ കായിക വിനോദ പരിപാടികൾ നടത്തുകയും |

ചെയ്തുവരുന്നു. എക്സൈസ് വകുപ്പിന്റെ ലഹരി വിരുദ്ധ ക്ലബുകൾക്ക് പുറമെ ആഭ്യന്തര വകുപ്പിന്റെ സഹായത്തോടെ എസ്.പി.സി.യുമായി ചേർന്ന് സ്കൂളുകളിലും പൊതുജനങ്ങൾക്കിടയിലും ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വനിതാ ശിശുവികസന വകുപ്പ്, സാമൂഹ്യ നീതി വകുപ്പ് എന്നിവരുടെ സഹായത്തോടെ സ്ത്രീകൾക്കും കുട്ടികൾക്കുമിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ സന്ദേശങ്ങൾ നൽകുന്ന കലാപരിപാടികൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.

സ്കൂളുകളുടെ പരിസരത്ത് നടക്കുന്ന ലഹരി വില്പന തടയുന്നതിനുവേണ്ടി എക്സൈസ് വകുപ്പ് സ്കൂൾ, കോളേജ് പരിസരങ്ങളിലും കടകളിലും ലഹരിമരുന്നുകൾ പുകയില ഉത്പന്നങ്ങൾ, ലഹരി അടങ്ങിയ വസ്തുക്കൾ എന്നിവ കണ്ടെത്തുന്നതിനായി ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുകയും, സ്കൂൾ, കോളേജ് പരിസരങ്ങളിൽ ലഹരി ഉപയോഗിച്ചതായി സംശയിക്കപ്പെടുന്നവരെ Abon Kit ഉപയോഗിച്ചു പരിശോധന നടത്തി ലഹരി ഉപയോഗിച്ചതായി കണ്ടെത്തിയാൽ അത്തരക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ലഹരിക്കടത്ത് കേസുകളിൽ ഉൾപ്പെടുന്ന കുറ്റവാളികൾക്കെതിരെ PIT NDPS Act പ്രകാരം കരുതൽ തടങ്കൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സ്കൂൾ പരിസരത്തെ വിവിധ കടകളിൽ പരിശോധന നടത്തുകയും, ലഹരി പദാർത്ഥങ്ങൾ കണ്ടെത്തുന്ന കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കത്ത് നൽകുകയും, സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി ഒരു മണിക്കൂർ മുമ്പും സ്കൂൾ സമയം അവസാനിച്ചതിനുശേഷം അരമണിക്കൂറും സ്കൂൾ പരിസരങ്ങളിൽ മഫ്തി പട്രോളിംഗും, ബൈക്ക് പട്രോളിംഗും നടത്തുകയും, മറ്റ് സർക്കാർ വകുപ്പുകളുമായി ചേർന്ന് സ്കൂൾ പരിസരങ്ങളിൽ വിവിധ സമയങ്ങളിൽ വാഹന പരിശോധന നടത്തുകയും, പുകയില, മദ്യം, മയക്കുമരുന്ന് എന്നിവ ഉപയോഗിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി കൗൺസിലിംഗ് / ഡീ-അഡിക്ഷൻ ചികിത്സയ്ക്ക് വിധേയരാക്കുകയും ചെയ്തു വരുന്നു. സ്കൂൾ പരിസരത്തെ കടകളിലും സ്ഥാപനങ്ങളിലും പരിചയമില്ലാത്തതും, സംശയമുള്ളതുമായ വ്യക്തികളെപ്പറ്റി എക്സൈസ് വകുപ്പിനെ വിവരം

| | | | |
|---|---|---|---|
| | | | അറിയിക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളിലും ഫോൺ നമ്പർ നൽകി അറിയിപ്പ് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ